"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം- ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജ്ജൻ ആയ ഡോ. ഷാലിമ എസ്.- ന്റെ ആലപ്പുഴ സർക്കാർ ടി.ഡി. മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അന്യത്ര സേവനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.307/2026/H&FWD തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ).നം.1707/2023/ആ.കു.വ തീയതി 14/07/2023
2. സ.ഉ.(സാധാ).നം.1733/2024/ആ.കു.വ തീയതി 19/07/2024
3. സ.ഉ.(സാധാ).നം.2013/2025/ആ.കു.വ തീയതി 21/07/2025
4. ഡോ. ഷാലിമ എസ്.-ന്റെ 12/01/2026-ലെ അപേക്ഷ
5. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 19/01/2026-ലെ എഫ് 3-3851/2023/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിന് കീഴിലുള്ള ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ അസിസ്റ്റന്റ് സർജ്ജൻ ആയ ഡോ.ഷാലിമ എസ് - ന് ആലപ്പുഴ സർക്കാർ ടി.ഡി മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് പ്രൊഫസറുടെ ഒഴിവിലേക്ക് പി.എസ്.സി മുഖേന നിയമനം നടക്കുന്നത് വരെയോ അല്ലെങ്കിൽ ഒരു വർഷത്തേക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതുവരെ അന്യത്ര സേവനം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെയും ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ നിരാക്ഷേപ പത്രത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത അന്യത്ര സേവനം പരാമർശം (2) , (3) ഉത്തരവുകൾ പ്രകാരം വീണ്ടും ദീർഘിപ്പിച്ച് നൽകുകയുണ്ടായി.

2. ഡോ.ഷാലിമ എസ്. ഉൾപ്പെട്ട മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റ് 24/12/2025 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും ഉടൻ നിയമന ശിപാർശ ലഭിക്കാൻ സാധ്യതയുള്ളതിനാലും പ്രസ്തുത അന്യത്ര സേവനം 17/02/2026 തീയതി പ്രാബല്യത്തിൽ റദ്ദ് ചെയ്യുന്നതിനായി ഡോ ഷാലിമ എസ്. സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (5)-ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ ഷാലിമ എസ്. -ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സേവനത്തിൽ

പ്രവേശിക്കുന്നതിന് മാതൃ വകുപ്പിൽ നിന്നും വിടുതൽ ചെയ്യേണ്ടതിനാൽ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (5) ശിപാർശ പരിഗണിച്ച് ടിയാളുടെ ആലപ്പുഴ സർക്കാർ ടി.ഡി. മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അന്യത്രസേവനം 17/02/2026 പ്രാബല്യത്തിൽ റദ്ദ് ചെയ്ത് മാതൃ വകുപ്പിലേക്ക് മടക്കി അയയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. ഇക്കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുരളീധരൻ ചെട്ടിയാർ
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ ടി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ
ഡോ ഷാലിമ എസ്., അസിസ്റ്റന്റ് പ്രൊഫസർ, സൈക്യാട്രി വിഭാഗം,സർക്കാർ ടി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ (ഡി എം ഇ മുഖേന)
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ
സൂപ്രണ്ട്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എസ് 1/9/2026/ആ..വ)

ഉത്തരവിൻ പ്രകാരം
Signed by
Rashmi D
Date: 24-01-2026 12:22:19
സെക്ഷൻ ഓഫീസർ

പകർപ്പ് :
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.